# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: എച്ച്3/23156/15

ചാക്ക, തിരുവനന്തപുരം 7

തീയതി: 21 /03/2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- സർട്ടിഫിക്കേറ്റ് വിഭാഗം- ഫെബ്രുവരി 2014 വർഷം വരെയുള്ള അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് പാസ്സായ ട്രെയിനികൾക്ക് വിതരണം നടത്തിയ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളിൽ അപാകത സംഭവിച്ച സർട്ടിഫിക്കേറ്റുകൾക്ക് പകരം തെറ്റ് തിരുത്തിയ ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൽ നിന്ന് കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: ഇല്ല

സംസ്ഥാനത്തെ വിവിധ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. കളിൽ നിന്നും ഫെബ്രുവരി 2014 വർഷം വരെയുള്ള അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് പാസ്സായ ട്രെയിനികൾക്ക് വിതരണം നടത്തിയ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളിൽ അപാകത സംഭവിച്ച സർട്ടിഫിക്കേറ്റുകൾക്ക് പകരം തെറ്റ് തിരുത്തിയ ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ഡി.ജി.റ്റി. യിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ടി ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് ഇ മെയിൽ ആയി അയച്ചിട്ടുണ്ട്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ടി സർട്ടിഫിക്കേറ്റുകൾ അവരുടെ അധീനതയിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് ഇ മെയിലായോ സി.ഡി. യിൽ രേഖപ്പെടുത്തിയോ നൽകുന്നതാണ്. ഇ മെയിലായോ സി.ഡി. യിൽ രേഖപ്പെടുത്തിയോ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ നിന്ന് കൈപ്പറ്റുന്നതിന് ഹാജരാകുന്നതിന് മുൻപ് താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. ബന്ധപ്പെട്ട വർഷങ്ങളിലെ ഒറിജിനൽ ബി ഫോമും അതിൻെറ ഒരു പകർപ്പും സർട്ടിഫിക്കേറ്റ് ഇഷ്യു രജിസ്റ്റർ എന്നീ അസ്സൽ രേഖകൾ കൂടി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ ഹാജരാക്കേണ്ടതാണ്.

2. ബി ഫോമിലെ രേഖപ്പെടുത്തലും ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിലെ രേഖപ്പെടുത്തലും തമ്മിൽ വ്യത്യാസം കാണുന്ന പക്ഷം ടി സർട്ടിഫിക്കേറ്റുകൾ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ വിതരണം ചെയ്യുന്നതല്ല. ടി ന്യൂനത ഡയറക്ടറേറ്റിൽ അറിയിക്കുന്നതിന് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഇ സർട്ടിഫിക്കേറ്റുകൾ കൈപ്പറ്റിയ ശേഷം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ നൽകുന്ന രജിസ്റ്ററിൽ ഒപ്പും പേരും തീയതിയും രേഖപ്പെടുത്തി കൈപ്പറ്റ് ചീട്ട് നൽകേണ്ടതാണ്.

ട്രെയിനികൾക്ക് ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ പ്രിൻറ് എടുത്ത് വിതരണം നടത്തുന്നതിന് മുൻപ് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ താഴെ പറയുന്ന നടപടി ക്രമങ്ങൾ കർശനമായും നടപ്പിലാക്കേണ്ടതാണ്

1. പ്രിൻറ് ചെയ്ത് ലഭിക്കുന്ന സർട്ടിഫിക്കേറ്റുകളിലെ രേഖപ്പെടുത്തലുകളും (ട്രെയിനിയുടെ പേര്, രക്ഷകർത്താവിൻെറ പേര്, ട്രേഡ്, സ്ഥാപനത്തിൻെറ പേര്, ട്രെയിനിംഗ് പീരിയഡ്, വിജയിച്ച ട്രെയിനിയാണോ എന്ന വിവരം) ബന്ധപ്പെട്ട ബി ഫോമിലെ രേഖപ്പെടുത്തലുമായി പരിശോധിച്ച് രേഖപ്പെടുത്തലുകൾ ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്. ബന്ധപ്പെട്ട ട്രെയിനികൾക്ക് മുൻപ് നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് വിതരണം നടത്തിയിട്ടില്ലായെന്ന് ബന്ധപ്പെട്ട സർട്ടിഫിക്കേറ്റ് ഇഷ്യു രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. എന്തെങ്കിലും വ്യത്യാസം കാണുകയാണെങ്കിൽ ഡയറക്ടറേറ്റിലെ സർട്ടിഫിക്കേറ്റ് സെക്ഷനുമായി ബന്ധപ്പെടേണ്ടതും deputydirectoroftraining1@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതുമാണ്.

2. സർട്ടിഫിക്കേറ്റ് വിതരണം നടത്തുന്ന രജിസ്റ്ററിൽ ട്രേഡ്, ട്രേഡ് ടെസ്റ്റ് പാസ്സായ മാസം/വർഷം, റോൾ നമ്പർ, ട്രെയിനിംഗ് പീരിയഡ്, ട്രെയിനിയുടെ മറ്റ് വിവരങ്ങളും സർട്ടിഫിക്കേറ്റ് നമ്പറുകളും രേഖപ്പെടുത്തി ട്രെയിനിയുടെ ഒപ്പും കൈപ്പറ്റുന്ന തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

3. ബന്ധപ്പെട്ട ബി ഫോമിൽ ടി ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് നമ്പർ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. 100 ജി.എസ്.എം. ന് മുകളിൽ കനമുള്ള ഫോട്ടോസ്റ്റാറ്റ് പേപ്പറിൽ ലേസർ കളർ പ്രിൻറ് എടുത്ത് വേണം ടി ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ട്രെയിനികൾക്ക് വിതരണം നടത്തേണ്ടത് എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

5. രേഖപ്പെടുത്തലുകളിൽ എന്തെങ്കിലും വ്യത്യാസം കാണുകയോ ഏതെങ്കിലും ട്രെയിനികളുടെ അപാകത സംഭവിച്ച് സർട്ടിഫിക്കേറ്റുകൾക്ക് പകരം ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ലഭിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടി ട്രെയിനികളുടെ വിശദ വിവരവും എസ്.എസ്.എൽ.സി. സർട്ടിഫിക്കേറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പും അഡ്മിഷൻ ക്ലോസ്സിംഗ് ലിസ്റ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പും ബന്ധപ്പെട്ട ബി ഫോമിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ചാക്ക ഐ.ടി.ഐ. കാമ്പസിൽ പ്രവർത്തിക്കുന്ന പരീക്ഷാ സെക്ഷനിൽ പ്രത്യേക ദൂതൻ മുഖേന എത്തിക്കേണ്ടതാണ്. ഒരു കാരണ വശാലും ടി വിവരം തപാൽ മാർഗ്ഗം അയയ്ക്കരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

വളരെ സൂക്ഷ്മതയോടെയും ശ്രദ്ധയോടെയും നിർവഹിക്കേണ്ട ജോലിയായതിനാൽ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും വിവരങ്ങൾ കൈപ്പറ്റുന്ന സ്ഥാപന മേധാവികളും വളരെ ജാഗ്രതയോടെ വേണം ടി ജോലികൾ നിർവഹിക്കേണ്ടതെന്ന് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക്

സംശയ നിവാരണത്തിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ ബന്ധപ്പെടാവുന്നതാണ്

| ക്രമ നമ്പർ | ഉദ്യോഗസ്ഥൻെറ പേര് | ജില്ല | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. സജി സത്യശീലൻ | തിരുവനന്തപുരം, കൊല്ലം | 9048729142 |
| 2 | ശ്രീമതി. ആനി അമ്മ | പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, | 9497634532 |
| 3 | ശ്രീമതി. രൂപ | കോട്ടയം, എറണാകുളം | 9947367037 |
| 4 | ശ്രീ. അഭിഷേക് | പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | 8547493784 |

# അനുബന്ധം 1

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ട്രേഡ് | ട്രേഡ് ടെസ്റ്റ് പാസ്സായ മാസം/വർഷം | ബി ഫോം പ്രകാരം പാസ്സായ ട്രെയിനികളുടെ എണ്ണം | ഇ മെയിലായി ലഭിച്ച ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളുടെ എണ്ണം | കൈമാറുന്ന ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളുടെ എണ്ണം | കൈപ്പറ്റുന്ന സ്ഥാപന മേധാവിയുടെ തീയതിയോട് കൂടിയ ഒപ്പും പേരും ഔദ്യോഗിക മേൽ വിലാസവും |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

(ഔദ്യോഗിക മുദ്ര)

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൻെറ ഒപ്പ്

പേര്

ഔദ്യോഗിക മേൽ വിലാസം

## അനുബന്ധം 1(ബി)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ട്രേഡ് | ട്രേഡ് ടെസ്റ്റ് പാസ്സായ മാസം/വർഷം | ട്രെയിനിയുടെ പേര് | ഇ മെയിലായി ലഭിച്ച ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് നമ്പർ | കൈപ്പറ്റുന്ന സ്ഥാപന മേധാവിയുടെ തീയതിയോട് കൂടിയ ഒപ്പും പേരും ഔദ്യോഗിക മേൽ വിലാസവും |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

(ഔദ്യോഗിക മുദ്ര)

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

ഔദ്യോഗിക മേൽ വിലാസം